# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2688 14.02.2013 - ൽ മറുപടിക്ക്

## കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ജലസുരക്ഷാ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ജലസുരക്ഷാപദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ; | (എ) ജല സുരക്ഷാ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച വിവിധ തലങ്ങളിൽ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ജലസുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സംവിധാനം രൂപീകരിക്കുന്നതിനായി കോഴിക്കോട് എറണാകുളം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ ജലസേചന വകുപ്പിന് കീഴിലുള്ള ഓഫീസുകൾക്ക് ജലസുരക്ഷാ പദ്ധതിയുടെ ജില്ലാതല ഓഫീസുകളായി പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയും ബന്ധപ്പെട്ട ജീവന ക്കാർക്ക് അധിക ചുമതല നൽകുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പ്രസ്തുത ജില്ലകളിലെ ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ജല സുരക്ഷാ പദ്ധതിയുടെ ജില്ലാതല ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. |
| (ബി) മലബാർ ഇറിഗേഷൻ പാക്കേജിൽ (എം.ഐ.ആർ.പി.എ) ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നും അവയിൽ നിർമ്മാണം ആരംഭിച്ചവ എത്രയാണെന്നും പൂർത്തിയാക്കിയവ ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി റെഗുലേറ്ററുകളുടെയും തടയണകളുടെയും വി.സി.ബികളുടെയും നിർമ്മാണത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി 127.33 കോടി രൂപയുടെ 209 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. അവയിൽ ഓരോ പ്രവൃത്തിയുടെയും 31.12.2012-ലെ അവസ്ഥ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഏഴ് വടക്കൻ ജില്ലകളിലെ 209 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിനായി 52.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ പദ്ധതി യിലും സിവിൽ. മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ പ്രവൃത്തികളുണ്ട്. |

| | | | |
|---|---|---|---|
| (സി) | ചേലക്കര മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിരുന്ന കൂട്ടിൽമുക്ക് പൈങ്കുളം, കൊടമ്പാറ ക്കയം എന്നീ തടയണകളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ; | (സി) & (ഡി) | 13.08.2012-ലെ (ആർ.റ്റി) നമ്പർ 995/12/ജവിവ സർക്കാർ ഉത്തരവ് പ്രകാരം സാങ്കേതിക അനുമതി നൽകിയ കൂട്ടിൽമുക്ക് തടയണയുടെ ടെൻഡർ നടപടികൾ നടന്നു വരുന്നു.<br>പൈങ്കുളം തടയണയുടെ ഭരണാനുമതി നൽകിയ ശേഷം വിശദമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും രൂപകൽപ്പനയും പൂർത്തിയാക്കുകയും അതനുസരിച്ചുള്ള 9.5 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>കൊടപ്പാറക്കയം തടയണ നിർദ്ദിഷ്ട സ്ഥാനത്ത് പ്രായോഗികമല്ല എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ലൊക്കേഷനിൽ തടയണ പണിയുന്നതിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുന്നു.<br>മേൽ കാര്യങ്ങളിൽ നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുന്നതാണ്. |
| (ഡി) | രൂക്ഷമായ കുടിവെള്ളക്ഷാമവും വരൾച്ചയും നേരിടുന്ന സാഹചര്യത്തിലെങ്കിലും സമയബന്ധിതമായി തടയണകളുടെ നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

അനു... ലഭ്യമാണ്